2026
SEPTEMBER
02
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

# ദീർഘദൂര വ്യോമപ്രതിരോധ മിസൈൽ, എസ്400 വീണ്ടും ഇന്ത്യയിലേക്ക്



**ന്യൂദൽഹി:** ഇന്ത്യൻ വ്യോമസേനയുടെ പ്രതിരോധശേഷി കൂടുതൽ ശക്തമാക്കുന്നതിനായി ലോകത്തിലെ ഏറ്റവും മാരകമായ ദീർഘദൂര വ്യോമപ്രതിരോധ മിസൈൽ സംവിധാനമായ എസ്400 'ട്രയംഫ്' അഞ്ച് യൂണിറ്റുകൾ കൂടി ഇന്ത്യയ്ക്ക് വിൽക്കാൻ താൽപര്യം പ്രകടിപ്പിച്ച് റഷ്യ. പുതിയ മിസൈലുകൾ വാങ്ങുന്നതിനായി വ്യോമസേന പുറപ്പെടുവിച്ച ടെൻഡറിനു മറുപടിയായാണ് റഷ്യ തങ്ങളുടെ താൽപര്യം അറിയിച്ചതെന്നാണ് റിപ്പോർട്ട്. കിർഗിസ്ഥാനിൽ നടന്ന ഷാങ്ഹായ് കോഓപറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിനും തമ്മിൽ നടത്തിയ നിർണായക കൂടിക്കാഴ്ചയിലാണു വിഷയം ചർച്ചയായത്. ഇതിനൊപ്പം പ്രതിരോധം, ഊർജം ഉൾപ്പെടെയുള്ള വിവിധ തന്ത്രപ്രധാന മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിന്റെ പുരോഗതിയും ഇരുനേതാക്കളും വിലയിരുത്തി. ഇന്ത്യൻ സൈന്യത്തിൽ 'സുദർശൻ' എന്നു പുനർനാമകരണം ചെയ്യപ്പെട്ട എസ് 400 മിസൈൽ സംവിധാനം, 'ഓപ്പറേഷൻ സിന്ദൂർ' വേളയിൽ അതിശക്തമായ പ്രകടനമാണു കാഴ്ചവച്ചത്. പാക്കിസ്ഥാൻ വിക്ഷേപിച്ച നിരവധി മാരക വ്യോമ ഭീഷണികളെയും മിസൈലുകളെയും ഈ സംവിധാനം ആകാശത്തുവച്ച് വിജയകരമായി തകർത്തു. 400 കിലോമീറ്റർ ദൂരപരിധിയുള്ള എസ്400, ശത്രുരാജ്യങ്ങളുടെ യുദ്ധവിമാനങ്ങൾക്ക് അവരുടെ സ്വന്തം ആകാശത്തുപോലും സുരക്ഷിതമായി പറക്കാൻ കഴിയാത്തവിധം വലിയ പ്രതിരോധക്കോട്ടയാണ് തീർക്കുന്നത്. പാക്കിസ്ഥാൻ വ്യോമസേനയുടെ നിരീക്ഷണ വിമാനത്തെ 314 കിലോമീറ്റർ അകലെവച്ചാണ് എസ്400 തകർത്തത്. 2018ൽ ഒപ്പിട്ട ആദ്യ കരാറിലെ അഞ്ച് എസ്400 യൂണിറ്റുകളിൽ നാലെണ്ണം ഇതിനകം ഇന്ത്യയ്ക്ക് ലഭിച്ചുകഴിഞ്ഞു. അഞ്ചാമത്തെയും അവസാനത്തെയും യൂണിറ്റ് ഈ വരുന്ന നവംബറോടെ ഇന്ത്യയ്ക്ക് കൈമാറും. പുതിയ കരാർ ഒപ്പിട്ടാൽ മൂന്ന് വർഷത്തിനകം പുതിയ മിസൈലുകളുടെ വിതരണം ആരംഭിക്കും. രാജ്യത്തിന്റെ കിഴക്കൻപടിഞ്ഞാറൻ അതിർത്തികളിൽ വ്യോമ സുരക്ഷ ശക്തമാക്കാനാണ് പുതിയ യൂണിറ്റുകൾ വിന്യസിക്കുക. എസ്400 ന് പുറമെ, ഇന്ത്യയുമായി ഒന്നിച്ച് നിർമിക്കാൻ ലക്ഷ്യമിടുന്ന എസ്500 പ്രൊമിത്യൂസ്, സുഖോയ്57ഇ ഫെലോൺ, സ്റ്റെൽത്ത് യുദ്ധവിമാനങ്ങൾ, കാലിബർ ക്രൂയിസ് മിസൈൽ ശേഷിയുള്ള അന്തർവാഹിനികൾ, വൊറോനെഷ് സ്ട്രാറ്റജിക് ഏർലി വാണിങ് റഡാർ, സൂപ്പർ സുഖോയ്30 അപ്ഗ്രേഡ് പ്രോഗ്രാം തുടങ്ങിയ അത്യാധുനിക യുദ്ധോപകരണങ്ങളും ഇന്ത്യയ്ക്ക് നൽകാൻ തങ്ങൾ തയാറാണെന്ന് പുട്ടിൻ ഭരണകൂടം അറിയിച്ചിട്ടുണ്ടെന്നാണ് വിവരം.



# കൊച്ചി മെട്രോ അങ്കമാലിയിലേക്ക്

**അങ്കമാലി:** കൊച്ചി മെട്രോ അങ്കമാലിയിലേക്കു നീട്ടുന്നതിന്റെ മൂന്നാംഘട്ട വിശദ പദ്ധതിരേഖ കെഎംആർഎൽ സംസ്ഥാന സർക്കാരിനു സമർപ്പിച്ചു. ആലുവയിൽ നിന്നു കരിയാട്, വിമാനത്താവളം വഴി അങ്കമാലിയിലേക്കുള്ള അലൈൻമെന്റ് പ്രകാരമാണ് ഡിപിആർ തയാറാക്കിയിട്ടുള്ളതെന്നാണു സൂചന. ആലുവയിൽ നിന്നു നേരിട്ട് അങ്കമാലി റെയിൽവേ സ്റ്റേഷൻ വഴിയുള്ള അലൈൻമെന്റ് പ്രായോഗികമല്ലെന്ന നിലപാടിലാണ് കെഎംആർഎൽ.

വിശദപദ്ധതിരേഖ തയാറാക്കുന്നതിനു കഴിഞ്ഞ വർഷമാണ് ടെൻഡർ ക്ഷണിച്ചത്. ഭൂപടം, സ്ഥലലഭ്യത, റൂട്ടിന്റെ സാങ്കേതിക ആകൃതികൾ, പ്രധാന സ്റ്റേഷനുകൾ, മൊത്തം ചെലവ്, അലൈൻമെന്റ് മാപ് തുടങ്ങിയ കാര്യങ്ങളിൽ പഠനം നടത്തി വേണം വിശദ പദ്ധതിരേഖ തയാറാക്കേണ്ടത്. വിശദപദ്ധതിരേഖ സംസ്ഥാന സർക്കാർ കേന്ദ്രനഗരമന്ത്രാലയത്തിനു സമർപ്പിച്ച് അനുമതി നേടണം. സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിലായിരിക്കും മെട്രോ റെയിലിനുള്ള കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുക.

കൊച്ചി വിമാനത്താവളം, അങ്കമാലി എന്നിവിടങ്ങളിലേക്ക് മെട്രോ വരുമ്പോൾ ജില്ലയുടെ വടക്കൻ മേഖലയിൽ വൻ വികസനക്കുതിപ്പുണ്ടാകും. അങ്കമാലി മേഖലയിൽ നിന്നു പ്രതിദിനം ആയിരക്കണക്കിനു യാത്രക്കാരാണ് ആലുവ, എറണാകുളം ഉൾപ്പെടെയുള്ള നഗരങ്ങളിൽ ജോലിക്കായി പോകുന്നത്. ഈ യാത്രക്കാരിൽ ഭൂരിഭാഗവും കെഎസ്ആർടിസി, ട്രെയിൻ എന്നിവയെയാണ് ആശ്രയിക്കുന്നത്. കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് റെയിൽവേയ്ക്ക് ഒട്ടേറെ നിവേദനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും യാതൊരു നടപടികളും ഉണ്ടായിട്ടില്ല. മെട്രോ വന്നാൽ യാത്രാദുരിതത്തിനു പരിഹാരമാകും.

# ലൈഫ് ഇൻഷ്വറൻസ് കോർപറേഷൻ ഓഫ് ഇന്ത്യ; ഉത്തരവാദിത്വത്തിന്റെ ഏഴു പതിറ്റാണ്ട്

**മുംബൈ:** 'യോഗക്ഷേമം വഹാമ്യഹം' നിങ്ങളുടെ ക്ഷേമം ഞങ്ങളുടെ ഉത്തരവാദിത്തമാണ് എന്ന ആപ്തവാക്യം മുൻനിർത്തി പ്രവർത്തിക്കുന്ന രാജ്യത്തെ മുൻനിര ലൈഫ് ഇൻഷറൻസ് സ്ഥാപനവും ദേശീയ പ്രാധാന്യമുള്ള ധനകാര്യ സ്ഥാപനവുമായ ലൈഫ് ഇൻഷറൻസ് കോർപറേഷൻ ഓഫ് ഇന്ത്യ (എൽഐസി) ഇന്ന് തങ്ങളുടെ 70ാം വാർഷികം ആഘോഷിക്കുന്നു.




1956 സെപ്റ്റംബർ ഒന്നിന് രാജ്യത്തുടനീളം ലൈഫ് ഇൻഷറൻസ് പ്രചരിപ്പിക്കുക, ന്യായമായ ചെലവിൽ സാമ്പത്തിക സംരക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്ഥാപനം ഏഴ് പതിറ്റാണ്ട് പൂർത്തിയാക്കുകയാണ്. ആരംഭിച്ചതു മുതൽ വിശ്വസ്തത, സേവനം, സാന്പത്തിക ഭദ്രത, രാജ്യത്തെ ജനങ്ങളോടുള്ള അചഞ്ചലമായ പ്രതിബദ്ധത എന്നിവയിൽ അധിഷ്ഠിതമായ സേവനം നടത്തുകയാണ്.

2025-26 സാമ്പത്തിക വർഷത്തിൽ പോളിസികളിൽ 65.16% വിപണി വിഹിതവും, ആദ്യ വർഷ പ്രീമിയം വരുമാനത്തിൽ 56.66% വിപണി വിഹിതവും എൽ.ഐ.സി കൈവരിച്ചു.

മൊത്തം അസറ്റ് അണ്ടർ മാനേജ്മെൻറ് 5.08% വർധിച്ച് 57.29 ലക്ഷം കോടി രൂപയായി ഉയർന്നു.

ഇൻഷറൻസ് മേഖല സ്വകാര്യ പങ്കാളിത്തത്തിനായി തുറന്നുകൊടുത്തിട്ടും, വിപുലമായ ബ്രാഞ്ച് ശൃംഖല, ഏജൻറുമാർ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയുടെ കരുത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ ലൈഫ് ഇൻഷറർ എന്ന സ്ഥാനം നിലനിർത്താൻ എൽഐസിക്ക് സാധിച്ചു. വ്യക്തികളുടെയും കുടുംബങ്ങളുടെയും വൈവിധ്യമാർന്ന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വൈവിധ്യമാർന്ന ലൈഫ് ഇൻഷറൻസ്, പെൻഷൻ, മാർക്കറ്റ് ലിങ്ക്ഡ് ഉൽപന്നങ്ങൾ തുടങ്ങിയവ എൽഐസി വാഗ്ദാനം ചെയ്യുന്നുണ്ട്.

# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കരുത്തിൽ; ആദ്യപാദ ജിഡിപി 7.8 ശതമാനം ഉയർന്നു

**ന്യൂദൽഹി:** 2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദന (ജിഡിപി) വളർച്ച 7.8 ശതമാനം. സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെൻറേഷൻ മന്ത്രാലയം പുറത്തിറക്കിയ കണക്കിലാണ് ഇക്കാര്യമുള്ളത്.

ആദ്യപാദമായ ഏപ്രിൽ ജൂൺ മാസത്തിലെ ജിഡിപി വളർച്ച തൊട്ടുമുൻപത്തെ പാദത്തിലെ വളർച്ച (8.6 ശതമാനം)യേക്കാൾ കുറവാണ്. എന്നാൽ, കഴിഞ്ഞ സാമ്പത്തികവർഷത്തെ സമാനപാദത്തിൽ രേഖപ്പെടുത്തിയ 6.9 ശതമാനം വളർച്ചയേക്കാൾ ഉയർന്നതാണ് ഇത്തവണത്തേത്.

ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഏഴു ശതമാനം വളർച്ചയാണ് റിസർവ് ബാങ്ക് പ്രവചിച്ചിരുന്നത്. എന്നാൽ, ഇതിനേക്കാൾ 0.8 ശതമാനം കൂടുതൽ വളർച്ച നേടുകയായിരുന്നു.




ഒന്നാം പാദത്തിലെ റിയൽ ജിഡിപി 81.36 ലക്ഷം കോടി രൂപയായി ഉയർന്നു. മുൻവർഷം ഇതേ കാലയളവിൽ ഇത് 75.46 ലക്ഷം കോടി രൂപയായിരുന്നു. വളർച്ച മുൻ പാദത്തിലെ 8.6 ശതമാനത്തേക്കാൾ കുറവാണെങ്കിലും കഴിഞ്ഞ വർഷം ഇതേ പാദത്തിലെ 6.8 ശതമാനത്തേക്കാൾ കൂടുതലാണ്. ഇതോടൊപ്പം നോമിനൽ ജിഡിപി 10.3 ശതമാനം വളർച്ചയും കൈവരിച്ചിട്ടുണ്ട്.

സമ്പദ്‌വ്യവസ്ഥയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യം അളക്കുന്ന 'ഗ്രോസ് വാല്യൂ ആഡഡ്' വളർച്ചാ നിരക്ക്, 73.82 ലക്ഷം കോടി രൂപയായി കണക്കാക്കുന്നു. 2025-26 സാമ്പത്തികവർഷത്തെ ആദ്യപാദത്തിലിത് 68.21 ലക്ഷം കോടി രൂപയായിരുന്നു. ഇത് 8.2 ശതമാനത്തിന്റെ വളർച്ചയാണ് കാണിക്കുന്നത്. എന്നാലിത് മുൻ പാദത്തെ 8.7 ശതമാനത്തേക്കാൾ കുറവാണ്.

### ഔഷധസസ്യ ഗവേഷണത്തിനും സുസ്ഥിര കൃഷിക്കും പുതിയ വഴിതുറന്ന്

# ഐ.ഐ.എസ്.ആറും കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജും



**കോഴിക്കോട്:** ഔഷധസസ്യ ഗവേഷണത്തിലും സുസ്ഥിര കൃഷിരീതികളിലും പുതിയ ചരിത്രമെഴുതാൻ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചും കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജും ധാരണാപത്രത്തിൽ ഒപ്പുവച്ചു. സംയുക്ത ഗവേഷണത്തിനും അക്കാദമിക സഹകരണത്തിനുമായി ഐ.ഐ.എസ്.ആർ ഡയറക്ടർ ഡോ. ആർ. ദിനേശും ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. മൻസൂർ അലിയുമാണ് കരാറിൽ ഒപ്പുവച്ചത്. ആശുപത്രി സൂപ്രണ്ട് ഡോ. ബി. റിതേഷ്, ഡോ. ടി. പി. അരുൺകൃഷ്ണൻ, ഡോ. ഇ. ആർ. വിനീത, ഐ.ഐ.എസ്.ആറിലെ ഡോ. ടി. ഇ. ഷീജ, ഡോ. ശ്രീനിവാസൻ, ഡോ. ഈശ്വര ഭട്ട് എന്നിവരുൾപ്പെടെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

ഔഷധസസ്യങ്ങളുടെ സംരക്ഷണം, ഗുണനിലവാര നിർണ്ണയം, ഫാർമക്കോഗ്നസി, ഫൈറ്റോകെമിസ്ട്രി, ബയോടെക്നോളജി തുടങ്ങിയ മേഖലകളെ സംയോജിപ്പിച്ച് തെളിവധിഷ്ഠിത ഗവേഷണം ശക്തിപ്പെടുത്തുകയാണ് ഈ പങ്കാളിത്തത്തിന്റെ പ്രധാന ലക്ഷ്യം. കാർഷിക മേഖലയിൽ ഹോമിയോപ്പതിയുടെ പ്രായോഗിക സാധ്യതകൾ പരിശോധിക്കുന്ന 'അഗ്രോഹോമിയോപ്പതി' സങ്കൽപ്പത്തിന് ശാസ്ത്രീയ അടിത്തറയിടാൻ ഈ സംരംഭം സഹായിക്കും. കുറഞ്ഞ ചെലവിൽ പരിസ്ഥിതി സൗഹൃദപരമായ വിളസംരക്ഷണം, വിത്തുമുളയ്ക്കൽ, വിള ഉൽപ്പാദന' വർദ്ധനവ്, മണ്ണുസംരക്ഷണം, കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാനുള്ള ശേഷി എന്നിവ വർദ്ധിപ്പിക്കാനുള്ള ഗവേഷണങ്ങൾ ഇതിന്റെ ഭാഗമായി നടക്കും.

ഇരുസ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്കും,അധ്യാപകർക്കും, ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും ഒരുപോലെ ഉപകാരപ്പെടുന്ന ഈ സഹകരണം ജൈവകൃഷിയിലും കാലാവസ്ഥാ പ്രതിരോധശേഷിയുള്ള കൃഷി രീതികളിലും പുതിയ വിപ്ലവം സൃഷ്ടിക്കും. കാർഷിക ഉൽപ്പാദനച്ചെലവ് കുറച്ച്, കർഷകർക്ക് പ്രയോജനകരമായ പ്രകൃതിദത്ത പരിഹാരങ്ങളും സാങ്കേതികവിദ്യകളും വികസിപ്പിച്ചെടുക്കാൻ ഈ മുന്നേറ്റം വഴിയൊരുക്കും.

# മസ്തിഷ്ക ധമനിവീക്കം കണ്ടെത്താൻ അനാട്ടമിക്കൽ മാതൃകയിലുള്ള എ.ഐ. വികസിപ്പിച്ച് കുസാറ്റ് ഗവേഷകർ

**കൊച്ചി:** വൈദ്യശാസ്ത്ര രംഗത്തെ നിർണയപ്രക്രിയയിൽ നിർമിത ബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി സെറിബ്രൽ അന്യൂറിസം (മസ്തിഷ്ക ധമനിവീക്കം) കണ്ടെത്തുന്നതിനുള്ള നൂതന എ.ഐ. അധിഷ്ഠിത അൽഗോരിതം വികസിപ്പിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) ഗവേഷകർ.

കുസാറ്റ് കമ്പ്യൂട്ടർ സയൻസ് വകുപ്പിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് കമ്പ്യൂട്ടർ വിഷൻ ലാബിലെ ഗവേഷക സംഘമാണ് പഠനം നടത്തിയത്. പ്രൊഫ. ഡോ. മധു എസ്. നായരുടെ നേതൃത്വത്തിൽ ഗവേഷകരായ കീർത്തി എ. എസ്. പിള്ള, പ്രീന കെ. പി. എന്നിവർ ഗവേഷണത്തിൽ പങ്കാളികളായി.

അനാട്ടമിക്കൽ മാതൃകയിൽ രൂപകൽപ്പന ചെയ്ത ഗ്രാഫ് ന്യൂറൽ നെറ്റ്‌വർക്ക് സാങ്കേതികവിദ്യയാണ് നിർദിഷ്ട എ.ഐ. അൽഗോരിതത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഗ്രാഫുകളായി പ്രതിനിധീകരിക്കുന്ന ഘടനാപരമായ വിവരങ്ങളും അവ തമ്മിലുള്ള ബന്ധങ്ങളും പഠിക്കാൻ ശേഷിയുള്ള നൂതന ഡീപ് ലേണിങ് രീതിയാണിത്. മസ്തിഷ്കത്തിലെ രക്തക്കുഴലുകളുടെ ശരീരഘടനാപരമായ സവിശേഷതകൾ എ.ഐ. മാതൃകയിൽ ഉൾപ്പെടുത്തിയാണ് ഗവേഷകർ വികസിപ്പിച്ചിരിക്കുന്നത്. ഇതിലൂടെ സെറിബ്രൽ അന്യൂറിസവുമായി ബന്ധപ്പെട്ട സങ്കീർണമായ രക്തക്കുഴൽ ഘടനകൾ വിശകലനം ചെയ്യാൻ അൽഗോരിതത്തിന് സാധിക്കും.

ഗവേഷണത്തിന്റെ ശാസ്ത്രീയ പ്രാധാന്യം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയേഴ്സ് പ്രസിദ്ധീകരിക്കുന്ന അന്താരാഷ്ട്ര ജേണലായ IEEE Transactions on Artificial Intelligenceൽ ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിച്ചതിലൂടെ അംഗീകരിക്കപ്പെട്ടു. ആരോഗ്യരംഗത്തെ യാഥാർഥ്യപ്രശ്നങ്ങൾക്ക് നൂതന എ.ഐ., കമ്പ്യൂട്ടർ വിഷൻ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിലുള്ള കുസാറ്റിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് കമ്പ്യൂട്ടർ വിഷൻ ലാബിന്റെ തുടർച്ചയായ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഈ നേട്ടം ശ്രദ്ധേയമായ സംഭാവനയാണ്.



# സംസ്ഥാനത്തെ ആദ്യ കാർഡിയോ– പൾമനറി റീഹാബിലിറ്റേഷൻ കേന്ദ്രം കോട്ടയം മെഡിക്കൽ കോളജിൽ ഒരുങ്ങുന്നു

**കോട്ടയം:** സംസ്ഥാനത്തെ ആദ്യ കാർഡിയോ – പൾമനറി (കാർഡിയോ റെസ്പിറേറ്ററി) റീഹാബിലിറ്റേഷൻ കേന്ദ്രം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഉദ്ഘാടനത്തിനൊരുങ്ങുന്നു. ഹൃദയ ശ്വാസകോശ ശസ്ത്രക്രിയയ്ക്കു ശേഷം രോഗികളെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രമാണിത്. ഉദ്ഘാടനം ഉടൻ നടക്കും. ഒരു കോടി രൂപയിലധികം ചെലവഴിച്ചാണ് കേന്ദ്രം നിർമിച്ചത്. ഒരേസമയം 50 രോഗികൾക്കുവരെ സൗജന്യമായി അത്യാധുനിക ചികിത്സയും ശാസ്ത്രീയ പരിചരണവും ഇവിടെ ലഭിക്കും. ഹൃദ്രോഗ ശ്വാസകോശ രോഗികൾക്ക് ഓരോരുത്തരുടെയും തൊഴിലിന് അനുയോജ്യമായ പ്രത്യേക ശാരീരിക പരിശീലനങ്ങൾ ഇവിടെ നൽകും. കാർഡിയോളജി, കാർഡിയോ തൊറാസിക് വാസ്കുലാർ സർജറി, പൾമനോളജി എന്നീ വിഭാഗങ്ങൾ സംയുക്തമായാണ് കേന്ദ്രത്തിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നത്.

ശസ്ത്രക്രിയാനന്തര പരിചരണത്തിനു പുറമേ പാലിയേറ്റീവ്, പൊള്ളൽ (ബേൺസ്), മെഡിക്കൽ ഐസിയു എന്നീ വിഭാഗങ്ങളിലെ രോഗികൾക്കും ആവശ്യമായ വ്യായാമങ്ങളും ഫിസിയോതെറപ്പിയും ഇവിടെ ലഭിക്കും. ഹൃദയ ശ്വാസകോശ ശസ്ത്രക്രിയകൾക്കു ശേഷം ഒരു മാസത്തോളമെങ്കിലും നീളുന്ന റീഹാബിലിറ്റേഷൻ സ്വകാര്യ ആശുപത്രികളിൽ ഏറെ ചെലവേറിയതാണ്. പൂർണമായും സൗജന്യമായി നൽകുന്നതുവഴി രോഗികൾക്ക് ഭീമമായ തുക ലാഭിക്കാനാകും. ജോസ്കോ, കൊച്ചിൻ ഷിപ്യാഡ് എന്നീ സ്ഥാപനങ്ങളുടെ സിഎസ്ആർ ഫണ്ടും ചിറ്റിലപ്പള്ളി ഫൗണ്ടേഷന്റെ സഹായവും പ്രയോജനപ്പെടുത്തിയാണു യൂണിറ്റ് സജ്ജമാക്കിയിരിക്കുന്നത്.





# ദൽഹിയിൽ ഗുരുദേവ പഠന കേന്ദ്രം കൂടിയുണ്ടാകണം: വി ഡി സതീശൻ

**തിരുവനന്തപുരം:** ഡൽഹിയിൽ ശ്രീനാരായണ ഗുരുവിന്റെ പൂർണ കായ പ്രതിമക്കൊപ്പം അവിടെ ഗുരുദേവ പഠന കേന്ദ്രം കൂടിയുണ്ടാകണമെന്നാണ് ആഗ്രഹമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ചെമ്പഴന്തിയിൽ 172 മത് ശ്രീനാരായണ ജയന്തി ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു വി ഡി സതീശൻ. ഗുരുദേവ ദർശനം ലോകം അറിയേണ്ടതാണ്. ശിവഗിരി, ചെമ്പഴന്തി എന്നിവ ഒരുപാട് പേർ പുണ്യ ദർശനത്തിന് എത്തുന്ന സ്ഥലമാണ്. അത് ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ കേരളത്തിന് കഴിയണം.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ കൂടി സ്വാധീനിച്ച വ്യക്തിയാണ് ഗുരുദേവൻ. സ്വാതന്ത്ര്യ സമരത്തെ സാമൂഹ്യ നീതിയിലധിഷ്ഠിതമായ സമരമാക്കി മാറ്റാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചതും ശ്രീനാരായണ ഗുരുദേവനാണ്. ആ വാക്കുകൾ സൂര്യ ചന്ദ്രന്മാർ ഉള്ളിടത്തോളം കാലം നിലനിൽക്കും. കേരളം ഇന്ന് പല കാര്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. ഈ പുരോഗതിക്ക് നാം ഒരുപാട് പേരോട് കടപ്പെട്ടിരിക്കുന്നു.

ഇതിൽ മുൻപന്തിയിലാണ് ശ്രീനാരായണ ഗുരുദേവന്റെ സ്ഥാനം. എല്ലാത്തിനുമുള്ള മറുമരുന്നാണ് ഗുരുദേവ ദർശനമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. വി മുരളീധരൻ എം എൽ എ അധ്യക്ഷനായി. കെ യു ജനീഷ് കുമാർ എം എൽ എ, ശുഭാംഗാനന്ദ സ്വാമികൾ, സൂക്ഷ്മാനന്ദ സ്വാമികൾ തുടങ്ങിയവർ പ്രസംഗിച്ചു.

# വിവിധയിടങ്ങളിലേക്ക് ടൂർ ഒരുക്കി കെഎസ്ആർടിസി ബജറ്റ് ടൂറിസം ആദ്യ യാത്ര ഗോവയിലേക്ക്

**കണ്ണൂർ:** സെപ്റ്റംബറിൽ അന്തർ സംസ്ഥാന യാത്ര അടക്കം ഒരുക്കി കെഎസ്ആർടിസി ബജറ്റ് ടൂറിസം. ഗോവയിലേക്കാണ് ആദ്യ യാത്ര. 18നു വൈകിട്ട് 5.30നു കണ്ണൂർ ഡിപ്പോയിൽ നിന്നു പുറപ്പെടും. തലപ്പാടിയിൽനിന്ന് ആഡംബര എസി ബസിലാണ് യാത്ര തുടരുക. 21നു രാവിലെ 9നു തിരിച്ചെത്തുന്ന പാക്കേജിന് 7030 രൂപയാണ് ഈടാക്കുന്നത്.

**ആറന്മുള വള്ളസദ്യ**

4, 5, 8,12,15 തീയതികളിൽ രാവിലെ 6.30ന് കണ്ണൂരിൽ നിന്ന് പുറപ്പെട്ട് ചോറ്റാനിക്കര, വൈക്കം, കടുത്തുരുത്തി, ഏറ്റുമാനൂർ എന്നീ ക്ഷേത്രങ്ങളിൽ ദർശനം നടത്തി ചെങ്ങന്നൂരിൽ താമസിക്കും. രണ്ടാമത്തെ ദിവസം പഞ്ച പാണ്ഡവ ക്ഷേത്രങ്ങൾ, കവിയൂർ ഗുഹാക്ഷേത്രം, മണ്ണാറശാല, അമ്പലപ്പുഴ ശ്രീകൃഷ്ണ ക്ഷേത്രം എന്നിവിടങ്ങളിൽ ദർശനം നടത്തി മൂന്നാമത്തെ ദിവസം രാവിലെ തിരിച്ചെത്തും. പഞ്ച പാണ്ഡവ ക്ഷേത്രത്തിൽ ഉൾപ്പെടുന്ന ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലാണ് വള്ളസദ്യ ഒരുക്കിയിട്ടുള്ളത്. വള്ളസദ്യയും ബസ് ചാർജ് ഉൾപ്പെടെ ഒരാൾക്ക് 2700 രൂപയാണ് നിരക്ക്.

**മൂന്നാർ –കാന്തല്ലൂർ**

11,25 തീയതികളിൽ രാത്രി 8നു പുറപ്പെടുന്ന മൂന്നാർ കാന്തല്ലൂർ മറയൂർ പാക്കേജിലാണ് ഇത്തവണ നീലക്കുറിഞ്ഞി കാണാനുള്ള അവസരം ഒരുക്കിയിട്ടുള്ളത്.

**നെല്ലിയാമ്പതി കൊല്ലങ്കോട്**

11, 25 തീയതികളിൽ രാത്രി 9നു കണ്ണൂരിൽ നിന്ന് പുറപ്പെട്ട് 14, 28 തീയതികളിൽ രാവിലെ 5നു കണ്ണൂരിലെത്തുന്ന രീതിയിലാണ് പാക്കേജ് ക്രമീകരിച്ചത്.

**ഗുരുവായൂർ**

ക്യൂ നിൽക്കാതെ ഗുരുവായൂരപ്പനെ തൊഴാനുള്ള അവസരമാണ് തീർഥാടകർക്ക് ഒരുക്കുന്നത്. 5, 23 തീയതികളിൽ രാവിലെ 7നു പുറപ്പെടും. കൊല്ലം പിഷാരികാവ് ക്ഷേത്രം, കാടാമ്പുഴ ക്ഷേത്രം എന്നിവിടങ്ങളിൽ ദർശനം നടത്തും. പുന്നത്തൂർ കോട്ട ആനത്താവളം സന്ദർശിച്ച് അന്നേ ദിവസം ഗുരുവായൂരിൽ താമസിക്കും. പുലർച്ചെ 4നാണ് പ്രത്യേകം ദർശനത്തിന് സൗകര്യം ഒരുക്കിയിട്ടുള്ളത്. തുടർന്ന് തൃപ്രയാർ, കൊടുങ്ങല്ലൂർ ക്ഷേത്രങ്ങളിൽ ദർശനം. 7നു തിരിച്ചെത്തും.

**മൂകാംബിക–കുടജാദ്രി**

11, 25 തീയതികളിൽ രാത്രി 8നു കണ്ണൂരിൽ നിന്ന് പുറപ്പെടും. പുലർച്ചെ 4നു മൂകാംബിക നിർമാല്യ ദർശനം. 7നു കുടജാദ്രിയിലേക്ക് ജീപ്പിൽ യാത്ര. 2നു മുരുഡേശ്വർ പോയി 7നു കൊല്ലൂരിൽ തിരിച്ചെത്തുന്നു. രണ്ടാമത്തെ ദിവസം രാവിലെ 6നു പുറപ്പെട്ടു സാലിഗ്രാം, മധൂർ, അനന്തപുര ക്ഷേത്രങ്ങൾ ദർശനം നടത്തി വൈകിട്ട് 5നു ബേക്കൽ കോട്ടയിൽ സന്ദർശിക്കും. രാത്രി 8നു കണ്ണൂരിൽ തിരിച്ചെത്തും.

**വാഗമൺ–ഇലവീഴാപൂഞ്ചിറ**

18നു രാത്രി 8നു കണ്ണൂരിൽ നിന്ന് പുറപ്പെട്ട് 21നു രാവിലെ 8നു കണ്ണൂരിൽ തിരിച്ചെത്തും. വാഗമൺ, ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽ കല്ല്, മലങ്കര ഡാം എന്നിവ സന്ദർശിക്കും.

**റാണിപുരം–ബേക്കൽ ഫോർട്ട്**

6,20 തീയതികളിൽ രാവിലെ 6നു കണ്ണൂരിൽ നിന്നും പുറപ്പെടും. നൂൽമഴയ്ക്കു പ്രശസ്തമായ റാണിപുരം സന്ദർശിക്കാനുള്ള ഏറ്റവും അനുയോജ്യമായ സമയമാണ് സെപ്റ്റംബർ, ഒക്ടോബർ മാസം. റാണിപുരം ട്രെക്കിങ്ങിനു ശേഷം വൈകിട്ട് ബേക്കൽ ഫോർട്ട്, ബേക്കൽ ബീച്ച് ആൻഡ് പാർക്ക് എന്നിവ സന്ദർശിച്ച് രാത്രി 9നു തിരിച്ചെത്തും.

**പൈതൽമലഏഴരക്കുണ്ട് വെള്ളച്ചാട്ടം**

13, 27 തീയതികളിൽ രാവിലെ 6.30നു പുറപ്പെടും. പൈതൽമല ട്രെക്കിങ്, വെള്ളച്ചാട്ടത്തിൽ രണ്ടു മണിക്കൂർ ചെലവഴിക്കൽ, പാലക്കയം തട്ട് സന്ദർശനം. രാത്രി 9നു തിരിച്ചെത്തും.

**നിലമ്പൂർ**

നിലമ്പൂർ പാക്കേജ് 6, 12, 20, 27 തീയതികളിൽ രാവിലെ 5.30നു കണ്ണൂരിൽനിന്നു പുറപ്പെടും. തേക്ക് മ്യൂസിയം, കനോലി പ്ലോട്ട്, ബംഗ്ലാവ് കുന്ന്, ഗ്ലാസ് ബ്രിജ് എന്നിവ സന്ദർശിക്കും. രാത്രി 12നു തിരിച്ചെത്തും.

വിവരങ്ങൾക്ക്: **94970 07857, 80894 63675**

## മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി: അപേക്ഷ ക്ഷണിച്ചു

**കൊല്ലം:** ഫിഷറീസ് വകുപ്പ് മത്സ്യതൊഴിലാളികളുടെ ഭവന പുനരുദ്ധാരണ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു ലക്ഷം രൂപയാണ് ധനസഹായം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത ഐഡൻറിഫിക്കേഷൻ നമ്പരുള്ള മത്സ്യത്തൊഴിലാളികൾക്കും പെൻഷണർമാർക്കും അപേക്ഷിക്കാം.

ലൈഫ് ഭവന പദ്ധതി, സർക്കാരിന്റെയോ, മറ്റേതെങ്കിലും ഭവന പുനരുദ്ധാരണ പുനർ നിർമാണ പദ്ധതി എന്നിവ മുഖേന കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിച്ചവർ ധനസഹായത്തിന് അർഹരല്ല. വീടിന്റെ കാലപ്പഴക്കം എട്ടു വർഷത്തിൽ കൂടുതലായിരിക്കണം. മത്സ്യത്തൊഴിലാളികളുടെ വ്യക്തിഗത ഭവനങ്ങൾ.

ഫ്ളാറ്റുകൾ, ഇരട്ട വീടുകൾ ഒഴികെയുള്ള ഉന്നതി വീടുകൾ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും മറ്റു വകുപ്പുകളും നിർമിച്ച് നൽകിയ വീടുകൾ എന്നിവയും പരിഗണിക്കും.

മത്സ്യത്തൊഴിലാളിയുടെ/ഭാര്യയുടെ വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം/ വില്ലേജ് ഓഫിസിൽ നിന്നുമുള്ള സാക്ഷ്യപത്രം സഹിതമുള്ള അപേക്ഷ അതത് മത്സ്യഭവൻ ഓഫീസുകളിൽ 15നകം ലഭ്യമാക്കണം. ഫോൺ: 04742792850.

## കൊല്ലം വിക്ടോറിയ ആശുപത്രിയിൽ 24 മണിക്കൂർ സ്പെഷലിസ്റ്റുകളെത്തും

**കൊല്ലം:** കൊല്ലം വിക്ടോറിയ ആശുപത്രിയിൽ 24 മണിക്കൂർ സ്പെഷലിസ്റ്റ് സേവനം ലഭ്യമാക്കാൻ ആലോചന. പാവപ്പെട്ട രോഗികൾക്ക് വലിയ ആശ്വാസമാകുന്നതാണ് തീരുമാനം. പുനലൂർ താലൂക്ക് ആശുപത്രിയിൽ ആദ്യം നടപ്പാക്കുന്ന സമാന പരിഷ്കാരം വിലയിരുത്തിയശേഷം വിക്ടോറിയയിൽ സ്പെഷാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരെ കൂടുതൽ നിയമിക്കും.വിക്ടോറിയയിൽ നിലവിൽ ഗൈനക്കോളജി വിഭാഗം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ഒരു ഗൈനക്കോളജിസ്റ്റ് രാത്രി ഉണ്ട്. എന്നാൽ സങ്കീർണമായ അവസ്ഥയിൽ എത്തുന്നവരെ റഫർ ചെയ്യുന്നതായ പരാതി നിലവിലുണ്ട്.

പീഡിയാട്രിക് ഒപി ഉച്ചയ്ക്ക് അവസാനിക്കും. രാത്രികാലങ്ങളിൽ പീഡിയാട്രിക്, അനസ്തേഷ്യ വിഭാഗങ്ങളിൽ ഓൺ കോൾ ഡ്യൂട്ടി സംവിധാനമുണ്ടെങ്കിലും കാര്യക്ഷമമല്ല. അതിനാൽ കൊല്ലം നഗരത്തിലും സമീപത്തുമുള്ള സ്ത്രീകൾക്കും കുട്ടികൾക്കും പോലും രാത്രികാലങ്ങളിൽ രോഗം സങ്കീർണമായാൽ വിക്ടോറിയ ആശുപത്രിയെ ആശ്രയിക്കാനാകാത്ത അവസ്ഥയാണ്.

താലൂക്ക് ആശുപത്രികളിൽ നിന്ന് ഉച്ചയ്ക്ക് ശേഷം വിക്ടോറിയയിലേക്ക് വിശ്വസിച്ച് റഫർ ചെയ്യാനാകാത്ത സ്ഥിതിയുമുണ്ട്. കൂടുതൽ ഡോക്ടർമാരെ നിയമിച്ച് 24 മണിക്കൂർ സ്പെഷാലിറ്റി സേവനം ലഭ്യക്കി തുടങ്ങുന്നതോടെ രോഗികൾക്ക് വലിയ ആശ്വാസമാകും.

## ആനപ്രമ്പാൽ ജലോത്സവം അഞ്ചിന്

**എടത്വ:** കുട്ടനാട് സാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ നടക്കുന്ന ഏഴാമത് ശ്രീനാരായണ എവറോളിംഗ് ട്രോഫിക്കായുള്ള ആനപ്രമ്പാൽ ജലോത്സവം സെപ്റ്റംബർ അഞ്ചിന് ഉച്ച കഴിഞ്ഞ് രണ്ടിന് ആനപ്രമ്പാൽ നെട്ടയത്തിൽ നടക്കും.

ആനപ്രമ്പാൽ ജലോത്സവത്തിന് മുന്നോടിയായിട്ടുള്ള പമ്പാ ശുചീകരണം നടക്കും. തലവടി പഞ്ചായത്ത് പ്രസിഡൻറ് ബാബു വലിയവീടൻ ഉദ്ഘാടനം നിർവഹിക്കും. ജലോത്സവ സമിതി വർക്കിംഗ് ചെയർമാൻ ബിജു പറമ്പുങ്കൽ അധ്യക്ഷത വഹിക്കും. ജനപ്രതിനിധികൾ, ഹരിത കർമ്മസേന, ജലോത്സവ പ്രവർത്തകർ, വിദ്യാർഥികൾ എന്നിവർ പങ്കെടുക്കും.

മൂന്നിന് രാവിലെ 10ന് കൊച്ചമ്മനം ജംഗ്ഷനിൽനിന്നാരംഭിക്കുന്ന ജലോത്സവ വിളംബര ഘോഷയാത്ര ജില്ലാ പഞ്ചായത്തംഗം മഞ്ജു വിജയകുമാർ ഫ്ളാഗ് ഓഫ് ചെയ്യും. ട്രഷറർ മാത്യു കൊച്ചുവീട് അധ്യക്ഷത വഹിക്കും.


വെപ്പ്, ഓടി, ചുരുളൻ, ഫൈബർ ചുണ്ടൻ, നെഹ്റു ട്രോഫിയിൽ വിജയിച്ച വനിതകളുടെ വള്ളങ്ങൾ എന്നിവ അഞ്ചിന് നടക്കുന്ന ജലോത്സവത്തിൽ പങ്കെടുക്കും. ഇടവേളകളിൽ വാട്ടർ സ്കൂട്ടർ പ്രകടനവും സ്കൈ ഡൈവിംഗും നടക്കും. പൊതുസമ്മേളന ഉദ്ഘാടനം സഹകരണ മന്ത്രി എം. ലിജുവും ജലോത്സവം ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥും നിർവഹിക്കും. ജലോത്സവ സുവനീർ പ്രകാശനം കൊടിക്കുന്നിൽ സുരേഷ് എംപിയും ഫ്ലാഗ് ഓഫ് റെജി ചെറിയാൻ എംഎൽഎയും നിർവഹിക്കും. ചെയർമാൻ ഷാജി കറുകത്ര അധ്യക്ഷത വഹിക്കും. പ്രമുഖ ജീവകാരുണ്യ പ്രവർത്തകൻ ടി.സി. മോഹനൻ തേന്നിശേരി മാസ്റ്റർ ഓഫ് സെറിമണിയാകും.

ഈ വർഷം മുതൽ ആനപ്രമ്പാൽ ജലോത്സവ സമിതി സമൂഹ നന്മക്കായി ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന വ്യക്തികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രഥമ ജീവകാരുണ്യ അവാർഡ് ആർസി ഫൗണ്ടേഷൻ ചെയർമാനും കുട്ടനാട് എംഎൽഎയുമായ റെജിചെറിയാന് നൽകും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മായൻ; ചിത്രീകരണം പുരോഗമിക്കുന്നു

മലയാളികളുടെ പ്രിയതാരം ജയസൂര്യയും നൈല ഉഷയും കേന്ദ്ര കഥാപാത്രങ്ങളായെത്തുന്ന മായൻ സിനിമയുടെ ചിത്രീകരണം പുരോഗമിക്കുന്നു. സൂപ്പർ ഹിറ്റ് ചിത്രം കളങ്കാവലിന് ശേഷം ജിതിൻ കെ ജോസ് സംവിധാനം നി!ർവഹിക്കുന്ന ചിത്രം മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ രാജീവ് ഗോവിന്ദനാണ് നിർമ്മിക്കുന്നത്. വിജയ് ബാബു, ഐശ്വര്യ രാജ്, ജിബിൻ ഗോപിനാഥ് എന്നിവരും സുപ്രധാന വേഷങ്ങളിലെത്തുന്ന ഈ ചിത്രം പുരാതന ആഭിചാര ആചാരങ്ങളുടെയും അദൃശ്യ ശക്തികളുടെയും ആഗോള ശൃംഖലയെ പ്രമേയമാക്കി റഷ്യൻ പശ്ചാത്തലത്തിലാണ് ഒരുക്കുന്നത്. ഒരു ത്രില്ലർ ചിത്രം എന്നതിലപ്പുറം ചിത്രത്തിന്റെ കഥ ആഴത്തിൽ പ്രേക്ഷകരിലേക്ക് എത്തിക്കാൻ ആവശ്യമായ ചേരുവകൾ കൃത്യമായ് ചേർത്തുകൊണ്ടാണ് സിനിമയുടെ തിരക്കഥ രചിച്ചിരിക്കുന്നത്.






പൂർണ്ണമായും അന്താരാഷ്ട്ര സ്വഭാവമുള്ള ഒരു ഫാന്റസി ത്രില്ലർ എന്ന അടിസ്ഥാനത്തിൽ പ്രേക്ഷകർക്കിടയിലും ആഗോള ചലച്ചിത്ര മേഖലകളിലും വലിയ തരംഗം സൃഷ്ടിക്കാൻ 'മായൻ'ന് സാധിക്കുമെന്നാണ് റിപ്പോർട്ട്. ചിത്രത്തിന്റെ അനൗൺസ്മെന്റ് മുതൽ ലൊക്കേഷനിലെ ഓണാഘോഷം വരെയുള്ള അപ്ഡേറ്റുകൾ അണിയറപ്രവർത്തകർ പുറത്തുവിടുന്നുണ്ട്. ഓരോ അപ്ഡേറ്റും പ്രതീക്ഷയോടെയാണ് സോഷ്യൽ മീഡിയ ചർച്ചചെയ്യുന്നത്, നടൻ ജയസൂര്യയുടെ കരിയറിലെ ഏറ്റവും വലിയ സിനിമയായി ഒരുങ്ങുന്ന മായൻ, മലയാള സാഹിത്യത്തിലുൾപ്പെടെ പരാമർശിക്കപ്പെട്ടിട്ടുള്ള വളരെ പോപ്പുലർ ആയ ഒരു വിഷയമായ കറുത്തച്ചനൂട്ട് ഉൾപെട്ടവയാണെന്നത് സിനിമയുമായി ബന്ധപ്പെട്ട് കൗതുകവും ആകാംക്ഷയും വർധിപ്പിക്കുന്നുണ്ട്.

തിരക്കഥാകൃത്ത് റാഫിയും സംവിധായകൻ ജിതിൻ കെ. ജോസും ചേർന്നാണ് കഥയും തിരക്കഥയും സംഭാഷണവും തയ്യാറാക്കിയത്. പ്രവീൺ പ്രഭാകർ ചിത്രസംയോജനം കൈകാര്യം ചെയ്യുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ഫൈസൽ അലിയാണ് നിർവഹിക്കുന്നത്. മുജീബ് മജീദിന്റെതാണ് സംഗീതവും പശ്ചാത്തല സംഗീതവും. സുനിൽ ദാസാണ് പ്രൊഡക്ഷൻ ഡിസൈനർ. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: സുനിൽ സിംഗ്, ലൈൻ പ്രൊഡ്യൂസർ: രോഹിത് ആർ. നായർ, പ്രൊഡക്ഷൻ കൺട്രോളർ: ദീപക് പരമേശ്വരൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ബോസ് വി, പിആർഒ & ഡിജിറ്റൽ മാർക്കറ്റിംഗ് വിപിൻ കുമാർ വി, സ്റ്റിൽസ് സിനത് സേവ്യർ, ഡിസൈൻസ് ആന്റണി സ്റ്റീഫൻ.



# വിനീത് ശ്രീനിവാസൻ നായകനാകുന്ന ചടങ്ങ്; ചിത്രീകരണം തുടങ്ങി

വിനീത് ശ്രീനിവാസനെ കേന്ദ്ര കഥാപാത്രമാക്കി നവാഗതനായ അഭിജിത്ത് സര്യ സംവിധാനം ചെയ്യുന്ന ചടങ്ങ് എന്ന ചിത്രത്തിന്റെ ചിത്രീകരണത്തിന് തുടക്കമിട്ടു.

കൊച്ചി വൈറ്റില പുന്നുരുന്നി ശ്രീ നാരായണേശ്വരി ക്ഷേത്രത്തിൽ നടന്ന പൂജാ ചടങ്ങേടെയാണ് ആരംഭം കുറിച്ചത്.

വിനീത് ശ്രീനിവാസൻ, സുരേഷ് കൃഷ്ണ, ചിത്രത്തിലെ നായിക മീനാഷി മാധവൻ, നിർമ്മാതാക്കളായ ഡോൾവിൻ കുര്യാക്കോസ്, ഷബീർ മലവെട്ടത്ത്, ഡെൽറ്റ മണി, സംവിധായകൻ അഭിജിത്ത് സര്യ, ഷാഹി കബീർ, സംവധായിക ഷിഫ്ന എന്നിവരും അണിയറ പ്രവർത്തകരും ചേർന്ന് ഭദ്രദീപം തെളിയിച്ചു കൊണ്ടായിരുന്നു ചടങ്ങുകൾ ആരംഭിച്ചത്.

സംവിധായകൻ അഭിജിത്ത് സര്യയുടെ മാതാപിതാക്കളായ ശ്രീധരൻ ശോഭ എന്നിവരാണ് സ്വിച്ചോൺ കർമം നിർവഹിച്ചത്. വിനീത് ശ്രീനിവാസൻ ഫസ്റ്റ് ക്ലാപ്പും നൽകി.

തീയേറ്റർ ഓഫ് ഡ്രീംസ്, എം.സ്റ്റാർ എൻറർടൈൻമെൻറ്, ഡ്രീം മർച്ചൻറ് എന്നീ ബാനറുകളിൽ ഡോൾവിൻ കുര്യാക്കോസ്, ഡെൽറ്റമണി, ഷബീർ മലവെട്ടത്ത് എന്നിവരാണ് ചിത്രം നിർമിക്കുന്നത്.

വിനീത് ശ്രീനിവാസനോടൊപ്പം സുരേഷ് കൃഷ്ണ, സോനാ നായർ, ജഗദീഷ് , നിഹാൽ നിസാം, ബിജു സോപാനം, ശ്രീജിത്ത് ബാബു, എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു. മീനാക്ഷി മാധവനാണു നായിക. തിരക്കഥ അഭിജിത്ത് സര്യ, വിഷ്ണു വിനോദൻ, സംഗീതം ബിബിൻ അശോക്. ഛായാഗ്രഹണം ഹലോ റഷാദ്, എഡിറ്റിംഗ് കണ്ണൻ മോഹൻ. പ്രൊഡക്ഷൻ ഡിസൈനർദിലീപ് നാഥ്.

കലാസംവിധാനം അഖിൽ രാജ് ചിറയിൽ. ചീഫ് അസോസിയേറ്റ് ഡയറക്ടർരജീഷ് വേലായുധൻ. ആക്ഷൻ കലൈ കിംഗ്സ്റ്റൺ, മേക്കപ്പ് സുധി സുരേന്ദ്രൻ, കോസ്റ്റ്യൂം ഡിസൈൻ സമീരാ സനീഷ്, ക്രിയേറ്റീവ് പ്രൊഡ്യൂസർ ബസാജൻ ആർ. ശാരദ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് സുഹൈൽ വരട്ടിപ്പള്ളിയാൽ. സ്റ്റിൽസ് ഷെയ്ൻ സാബുറ.ഡിസൈൻ ഓൾഡ് മങ്ക്സ്. പ്രൊഡക്ഷൻ കൺട്രോളർ ഷബീർ മലവെട്ടത്ത്. വണ്ടൂരും പരിസരങ്ങളിലുമായി ഈ ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയാകും. പിആർഒ വാഴൂർ ജോസ്.



# പോലീസ് വേഷത്തിൽ പൃഥ്വിരാജും കരീന കപൂറും

പൃഥ്വിരാജ് സുകുമാരനും കരീന കപൂർ ഖാനും ആദ്യമായി ഒന്നിക്കുന്ന ബോളിവുഡ് ചിത്രമായ ദായ്റ ട്രെയിലർ റിലീസ് ചെയ്തു. മേഘ്ന ഗുൽസാർ സംവിധാനം ചെയ്യുന്ന ചിത്രം സെപ്റ്റംബർ 18ന് തിയറ്ററുകളിലെത്തും.

ജംഗിൾ പിക്ചേഴ്സും പെൻ സ്റ്റുഡിയോസും ചേർന്നാണ് ചിത്രം നിർമിക്കുന്നത്. പോലീസ് വേഷത്തിലാണ് പ്രിഥിരാജ് എത്തുന്നത്.

യഥാർഥ സംഭവങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ള ത്രില്ലർ ചിത്രമായ ദായ്റയുടെ തിരക്കഥ യാഷ് കെസ്വാനി, സീമ അഗർവാൾ, മേഘ്ന ഗുൽസാർ എന്നിവർ ചേർന്നാണ് ഒരുക്കിയിരിക്കുന്നത്. റാസി, തൽവാർ എന്നീ ശ്രദ്ധേയ ചിത്രങ്ങൾക്കുശേഷം മേഘ്ന ഗുൽസാറും ജംഗിൾ പിക്ചേഴ്സും വീണ്ടും ഒന്നിക്കുന്ന ചിത്രമാണിത്.

കുറ്റകൃത്യം, നീതി, ശിക്ഷ എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒരുക്കുന്ന ദായ്റയിൽ കരീന കപൂർ ഖാനും പൃഥ്വിരാജ് സുകുമാരനും ശക്തമായ കഥാപാത്രങ്ങളെയാണ് അവതരിപ്പിക്കുന്നത്.

നിയമവും നീതിയും തമ്മിലുള്ള നേർത്ത അതിർവരമ്പുകളെ ചോദ്യം ചെയ്യുന്ന കഥയാണ് ചിത്രം പറയുന്നതെന്നാണ് റിപ്പോർട്ടുകൾ. പിആർഒ സതീഷ് എരിയാളത്ത്.

## ഇന്ത്യയിൽ എയർബിഎൻബി ഹോസ്റ്റിംഗിൽ വൻ കുതിപ്പുമായി ജെൻ സീ; വളർച്ച 40 ശതമാനമെന്ന് റിപ്പോർട്ട്

**കൊച്ചി:** എയർബിഎൻബിയിൽ ഹോസ്റ്റുകളായി മാറി സ്വന്തം വീടുകൾ ലോകത്തിനായി തുറന്നിടുന്ന യുവ ഇന്ത്യക്കാരുടെ എണ്ണത്തിൽ വൻ വർധന. 2026ന്റെ ആദ്യ പകുതിയിൽ ഇന്ത്യയിലെ ജെൻ സീ ഹോസ്റ്റുകളുടെ എണ്ണം മുൻ വർഷത്തേക്കാൾ ഏകദേശം 40 ശതമാനം വർധിച്ചു. പുതുതായി ചേരുന്ന അഞ്ച് ഹോസ്റ്റുകളിൽ രണ്ടുപേരും 18-29 പ്രായപരിധിയിലുള്ളവരാണ്.

മെട്രോ നഗരങ്ങൾക്ക് പുറമെ ഇൻഡോർ, കൊച്ചി, ഡെറാഡൂൺ തുടങ്ങിയ ഇടങ്ങളിലും ഗ്രാമീണ മേഖലകളിലും യുവ ഹോസ്റ്റുകൾ വലിയ തോതിൽ സജീവമായിട്ടുണ്ട്. മികച്ച ആതിഥ്യമര്യാദയ്ക്കുള്ള സൂപ്പർഹോസ്റ്റ് പദവികൾ നേടിയതിനൊപ്പം, ഈ യുവനിരയുടെ വരുമാനം മുൻ വർഷത്തെ അപേക്ഷിച്ച് 60 ശതമാനത്തിലധികം വർധിച്ചതായും കണക്കുകൾ വ്യക്തമാക്കുന്നു.

## കേരളത്തിൽ 125 വാഹനങ്ങൾ കൈമാറി സ്റ്റെല്ലാന്റിസ് ഇന്ത്യ

**കൊച്ചി:** ഓണാഘോഷത്തിന്റെ ഭാഗമായി കേരളത്തിലുടനീളം 125 സിട്രോൺ, ജീപ്പ് വാഹനങ്ങൾ ഉപഭോക്താക്കൾക്ക് കൈമാറി സ്റ്റെല്ലാന്റിസ് ഇന്ത്യ. ജീപ്പ് കോമ്പസ്, മെറിഡിയൻ, റാംഗ്ലർ എന്നിവയ്ക്കൊപ്പം സിട്രോണിന്റെ ബസാൾട്ട് എസ്‌യുവി കൂപ്പെ, എയർക്രോസ്, സി3, സി3 മോഡലുകളും ഡെലിവറി ചെയ്തു.

ഓണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബങ്ങളെയും ഡീലർഷിപ്പ് ടീമുകളെയും ബ്രാൻഡ് പ്രതിനിധികളെയും ഉൾപ്പെടുത്തി പ്രത്യേക ആഘോഷപരിപാടികളോടെയായിരുന്നു വാഹന കൈമാറ്റം. കേരളത്തിലെ ഉപഭോക്താക്കൾ ബ്രാൻഡുകളിൽ അർപ്പിക്കുന്ന വിശ്വാസത്തിന്റെ പ്രതിഫലനമാണ് ഈ പ്രതികരണമെന്ന് സ്റ്റെല്ലാന്റിസ് ഇന്ത്യയുടെ ഓട്ടോമോട്ടീവ് ബ്രാൻഡ്സ് ബിസിനസ് ഹെഡും ഡയറക്ടറുമായ കുമാർ പ്രിയേഷ് പറഞ്ഞു. ഓണത്തിന്റെ ഊഷ്മളതയും പുതിയ തുടക്കങ്ങളുടെ സന്തോഷവും വാഹന ഡെലിവറി അനുഭവത്തിന്റെ ഭാഗമാക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ആമസോൺ, ഫ്ളിപ്കാർട്ട് വഴി യെസ്ദി റോഡ്സ്റ്റർ റെഡ് വുൾഫ്

**കൊച്ചി:** ആമസോൺ, ഫ്ളിപ്കാർട്ട് എന്നിവയിലൂടെ യെസ്ദി റോഡ്സ്റ്റർ റെഡ് വുൾഫ് മോട്ടോർസൈക്കിൾ ലഭ്യമാക്കി ജാവ യെസ്ദി മോട്ടോർസൈക്കിൾസ്. ഉപഭോക്താക്കൾക്ക് ഓൺലൈനായി വാഹനം ബുക്ക് ചെയ്ത് അംഗീകൃത പ്രാദേശിക ഡീലർഷിപ്പിലൂടെ സ്വന്തമാക്കാം. 1970കളിലെ യെസ്ദി പൈതൃകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഡിസൈനാണ് റെഡ് വുൾഫിനുള്ളത്. 350 ആൽഫ2 ലിക്വിഡ്കൂൾഡ് എൻജിൻ, 6സ്പീഡ് ഗിയർബോക്സ്, അസിസ്റ്റ്സ്ലിപ്പർ ക്ലച്ച്, ഡ്യുവൽചാനൽ എബിഎസ് എന്നിവയാണ് പ്രധാന സവിശേഷതകൾ. ഡൽഹി എക്സ്ഷോറൂം വില 2,09,950 രൂപയാണ്. ഓൺലൈൻ ബുക്കിംഗിന് ശേഷം രജിസ്ട്രേഷൻ, ഇൻഷുറൻസ്, വാഹന കൈമാറ്റം എന്നിവ അംഗീകൃത ഡീലർഷിപ്പിലൂടെ പൂർത്തിയാക്കും.

## രണ്ടു കമ്പനികളുടെ കായം വിൽപന തടഞ്ഞു

**ന്യൂഡൽഹി:** ഭക്ഷ്യസുരക്ഷഗുണനിലവാര മാനദണ്ഡങ്ങൾ ലംഘിച്ചതിനെത്തുടർന്ന് പ്രമുഖ ഭക്ഷ്യോത്പന്ന നിർമാതാക്കളായ എവറസ്റ്റ് ഫുഡ് പ്രൊഡക്ട്സ്, ലാൽജി ഗോധു ആൻഡ് കമ്പനി എന്നിവയുടെ കായം ഉത്പന്നങ്ങളുടെ വിൽപന ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്എസ്എസ്എഐ) നിരോധിച്ചു.

എവറസ്റ്റ് കമ്പനിയുടെ കായം പൊടിയുടെയും വിവിധ വേരിയൻറുകളുടെയും സാമ്പിളുകളിൽ ആൽക്കഹോൾ സോള്യൂബിൾ എക്സ്ട്രാക്ടിന്റെ അളവ് കുറഞ്ഞ പരിധിയായ അഞ്ചു ശതമാനത്തിനു പകരം 0.00 ശതമാനം മാത്രമാണെന്ന് പരിശോധനയിൽ തെളിഞ്ഞു.

കമ്പനിയുടെ മഞ്ഞ കായം, കറുത്ത കായം എന്നിവയും ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ടു. മുന്പ് എവറസ്റ്റിന്റെ ചിക്കൻ മസാല, ഗരം മസാല, എഗ്ഗ് കറി പൗഡർ എന്നിവയിൽ ഉപ്പിന്റെയും മസാലകളുടെയും അളവ് ലേബലിൽ കൃത്യമായി രേഖപ്പെടുത്താത്ത പ്രശ്നങ്ങളും അധികൃതർ ചൂണ്ടിക്കാണിച്ചിരുന്നു.

തുടർച്ചയായ മാനദണ്ഡലംഘനങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ എവറസ്റ്റിന്റെ കായം ഉത്പന്നങ്ങളുടെ വിൽപന ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെയാണ് എഫ്എസ്എസ്എഐ തടഞ്ഞിരിക്കുന്നത്.



## വേൾഡ് മലയാളി കൗൺസിലിന്റെ 15ാമത് ആഗോള ദ്വൈവാർഷിക സമ്മേളനം സമാപിച്ചു

**കൊച്ചി:** വേൾഡ് മലയാളി കൗൺസിലിന്റെ 15ാമത് ആഗോള ദ്വൈവാർഷിക സമ്മേളനം അമേരിക്കയിലെ ഡാളസിൽ സമാപിച്ചു. സംഘടനയുടെ 30ാം വാർഷികാഘോഷത്തിനും സമ്മേളനം വേദിയായി. ഓഗസ്റ്റ് 21ന് ഡാളസിലെ വിൻഡം ഡിഎഫ്ഡബ്ല്യൂവിൽ ഗ്ലോബൽ ചെയർമാൻ ഗോപാല പിള്ള, ഗ്ലോബൽ പ്രസിഡന്റ് ജോൺ മത്തായി, ഗ്ലോബൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ്, ഗ്ലോബൽ കോൺഫറൻസ് കൺവീനർ ജോൺസൺ തലച്ചെല്ലൂർ എന്നിവർ ചേർന്ന് പതാക ഉയർത്തിയതോടെയാണ് സമ്മേളനത്തിന് തുടക്കമായത്.

ഫ്രാൻസിസ് ജോർജ് എം.പി. സമ്മേളനം ഉദ്ഘാടനം ചെയ്തു. ആഗോള മലയാളി സമൂഹത്തിന്റെ ഐക്യം, നേതൃത്വ വികസനം, യുവതലമുറയുടെ പങ്കാളിത്തം, സാമൂഹിക പ്രതിബദ്ധത, ജീവകാരുണ്യ പ്രവർത്തനങ്ങൾ, സാംസ്കാരിക പൈതൃക സംരക്ഷണം തുടങ്ങിയ മേഖലകളിൽ വേൾഡ് മലയാളി കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. പ്രൊഫ. സാം മണ്ണിക്കരോട്ടിലും മെഴ്സി തടത്തിലിന്റെയും നേതൃത്വത്തിൽ തയ്യാറാക്കിയ സുവനീറും ഫ്രാൻസിസ് ജോർജ് എം.പി. പ്രകാശനം ചെയ്തു. ഗ്ലോബൽ ചെയർമാൻ ഗോപാല പിള്ള അധ്യക്ഷത വഹിച്ചു. ഹൂസ്റ്റണിലെ 240ാമത് ജുഡീഷ്യൽ ജില്ലാ കോടതി ജഡ്ജി സുരേന്ദ്രൻ കെ. പട്ടേൽ മുഖ്യ പ്രഭാഷണം നടത്തി.

ഗ്ലോബൽ കോൺഫറൻസ് കൺവീനർ ജോൺസൺ തലച്ചെല്ലൂർ, ഗ്ലോബൽ പ്രസിഡന്റ് ജോൺ മത്തായി, ഗ്ലോബൽ ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ്, ഗ്ലോബൽ വൈസ് പ്രസിഡന്റ് ഓർഗനൈസേഷൻ രാജേഷ് പിള്ള, അമേരിക്ക റീജിയൻ പ്രസിഡന്റ് പിന്റോ കണ്ണമ്പള്ളി, ഇന്ത്യ റീജിയൻ ചെയർമാൻ അഡ്വ. കെ.വി. സാബു, ആതിഥേയ പ്രൊവിൻസ് പ്രസിഡന്റ് ആൻസി തലച്ചെല്ലൂർ തുടങ്ങിയവർ സംസാരിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സാംസ്കാരിക ഘോഷയാത്രയിൽ പ്രതിനിധികൾ കേരളീയ പരമ്പരാഗത വേഷങ്ങളണിഞ്ഞ് പങ്കെടുത്തു. ഇന്ത്യ, മിഡിൽ ഈസ്റ്റ്, യൂറോപ്പ്, അമേരിക്ക എന്നീ റീജിയനുകളിൽ നിന്നുള്ള പ്രതിനിധികൾ വിവിധ രാജ്യങ്ങളുടെ പതാകകളേന്തി ഘോഷയാത്രയിൽ അണിനിരന്നു.

പ്രമുഖ വ്യവസായിയും ജീവകാരുണ്യ പ്രവർത്തകനുമായ ഡോ. പി. എ. ഇബ്രാഹിം ഹാജിയുടെ സ്മരണാർഥം ഏർപ്പെടുത്തിയ 'വേൾഡ് മലയാളി കൗൺസിൽ ഹ്യൂമാനിറ്റേറിയൻ ഗോൾഡൻ ലാന്റൺ അവാർഡ്' ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ്, പത്തനാപുരത്തിന്റെ സ്ഥാപകനും സെക്രട്ടറിയും മാനേജിങ് ട്രസ്റ്റിയുമായ ഡോ. പുനലൂർ സോമരാജന് സമ്മാനിച്ചു. അദ്ദേഹത്തിനുവേണ്ടി ഫിലഡൽഫിയ പ്രൊവിൻസ് പ്രസിഡന്റ് നൈനാൻ മത്തായി പുരസ്കാരം ഏറ്റുവാങ്ങി.

പുതിയ ഭാരവാഹികളെയും സമ്മേളനം തിരഞ്ഞെടുത്തു. ജോൺ മത്തായി (ഗ്ലോബൽ ചെയർമാൻ) ജോളി തടത്തിൽ (ഗ്ലോബൽ പ്രസിഡന്റ്) ക്രിസ്റ്റഫർ വർഗീസ് (ജനറൽ സെക്രട്ടറി) ജോൺസൺ തലച്ചെല്ലൂർ (ട്രഷറർ) ഗ്രിഗറി മേടയിൽ വൈസ് പ്രസിഡന്റ് (അഡ്മിൻ) രാജേഷ് പിള്ളയും ഡോ. പി.ബി. ബോസ് (ഓർഗനൈസേഷൻ വൈസ് പ്രസിഡന്റുമാർ) യോഗത്തിൽ പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

## ഇൻഡോഅറബ് കണക്ട് 2026 : അമൽജിത്ത് മേനോന് 'യങ് എന്റർപ്രണർ' പുരസ്കാരം

**കൊച്ചി :** ഇന്ത്യയും അറബ് ലോകവും തമ്മിലുള്ള ചരിത്രപരമായ വിനോദസഞ്ചാരവ്യാപാര ബന്ധങ്ങൾക്ക് പുതിയ ദിശനൽകി 'ഇൻഡോഅറബ് കണക്ട് 2026' സമാപിച്ചു. ടൂറിസം, നിക്ഷേപം, സാംസ്കാരിക വിനിമയം എന്നിവയ്ക്ക് പുതിയ സാധ്യതകൾ തുറന്ന ഈ ആഗോള സംഗമത്തിൽ, ട്രാവൽ ആൻഡ് ടൂറിസം മേഖലയിലെ മികച്ച മുന്നേറ്റങ്ങൾക്ക് ഐ.സി.എൽ ടൂഴ്സ് ആൻഡ് ട്രാവൽസ് വൈസ് ചെയർമാൻ അമൽജിത്ത് മേനോന് 'യങ് എന്റർപ്രണർ' പുരസ്കാരം ലഭിച്ചു. കൊച്ചിയിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശനിൽ നിന്നും അമൽജിത്ത് മേനോൻ പുരസ്കാരം ഏറ്റുവാങ്ങി.



ഇന്ത്യ, ജി.സി.സി രാജ്യങ്ങൾ, മറ്റ് അറബ് രാഷ്ട്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ ടൂറിസം നേതാക്കൾ, നയരൂപകർത്താക്കൾ, പ്രമുഖ നിക്ഷേപകർ എന്നിവർ സംഗമത്തിൽ പങ്കെടുത്തു. സംസ്ഥാന ടൂറിസംസാംസ്കാരിക വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് സംഗമം ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ഓഫ് അറബ് ടൂർ ഓപ്പറേറ്റേഴ്സ് പ്രസിഡന്റ് റഷീദ് കാക്കാട്ട്, ടൂറിസം ഇന്ത്യ മീഡിയ ഗ്രൂപ്പ് എം.ഡി കെ.വി രവിശങ്കർ, ദീപക് ജോയ് എം.എൽ.എ തുടങ്ങിയർ പ്രസംഗിച്ചു. ട്രാവൽ ആൻഡ് ടൂറിസം മേഖലയിൽ യുവ സംരംഭകർ നടത്തുന്ന മികച്ച മുന്നേറ്റങ്ങൾക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരമെന്ന് ഐ.സി.എൽ ഗ്രൂപ്പ് വ്യക്തമാക്കി.

ബി2ബി മീറ്റ്, ട്രാവൽ എക്സ്പോ, ആഗോള ടൂറിസം അവാർഡുകൾ എന്നിവയും ഇൻഡോഅറബ് കണക്ട് 2026 ന്റെ ഭാഗമായി നടന്നു. ഇരുമേഖലകളും തമ്മിലുള്ള സാമ്പത്തികസാംസ്കാരിക സഹകരണം വർദ്ധിപ്പിക്കുന്നതിനും പുതിയ വിപണി സാധ്യതകൾ കണ്ടെത്തുന്നതിനും ഈ അന്താരാഷ്ട്ര വേദി വഴിയൊരുക്കി.

# ഹൈലൈറ്റ് ഒളിമ്പസ് ടവർ 1 ഉപഭോക്താക്കൾക്ക് കൈമാറി

**കോഴിക്കോട്:** കോഴിക്കോട് ഹൈലൈറ്റ് സിറ്റിയിൽ ആഡംബരവും സുസ്ഥിരതയും ഒരുമിക്കുന്ന അത്യാധുനിക റസിഡൻഷ്യൽ സമുച്ചയമായ 'ഹൈലൈറ്റ് ഒളിമ്പസി'ലെ ആദ്യ ടവറായ 'ഒളിമ്പസ് 1' ഉപഭോക്താക്കൾക്ക് കൈമാറി ഹൈലൈറ്റ് ഗ്രൂപ്പ്. 7.07 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന പദ്ധതിയിൽ, നൂറിലധികം ലോകോത്തര സൗകര്യങ്ങളും 40,000ത്തിലധികം ചതുരശ്ര അടിയിൽ പരന്നുകിടക്കുന്ന ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഇടവും ടെറസിൽ ഒരുക്കിയിട്ടുണ്ട്. 33 നിലകളിലായി 526 അപ്പാർട്ട്മെന്റുകളാണ് ഒളിമ്പസ് 1ലുള്ളത്. 12,70,039 ചതുരശ്ര അടി ആകെ വിസ്തീർണ്ണമുള്ള ടവറിൽ 919 മുതൽ 3,150 ചതുരശ്ര അടി വരെയുള്ള അപ്പാർട്ട്മെന്റുകൾ ഉൾപ്പെടുന്നു. ഭാവിയിലേക്കും അനുയോജ്യമായ രീതിയിലാണ് ഒളിമ്പസ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. 32 നിലകളിലായി 412 അപ്പാർട്ട്മെന്റുകൾ അടങ്ങുന്ന പദ്ധതിയിലെ രണ്ടാമത്തെ ടവറായ 'ഒളിമ്പസ് 2'ന്റെ നിർമ്മാണം നിലവിൽ പുരോഗമിക്കുകയാണ്.



നിരവധി ടവറുകളിലായി അപ്പാർട്ട്മെന്റുകൾ വിഭജിക്കുന്ന പരമ്പരാഗത രീതിയിൽ നിന്ന് വേറിട്ട്, പദ്ധതിയിലെ ആകെ 938 അപ്പാർട്ട്മെന്റുകളും രണ്ട് ടവറുകളിലായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഓരോ ടവറിലും എല്ലാ അപ്പാർട്ട്മെന്റുകളെയും ബന്ധിപ്പിക്കുന്ന ഒരൊറ്റ നേർരേഖയിലുള്ള പാസേജ് ആണ് പ്രധാന ആകർഷണം. താമസക്കാർക്കിടയിൽ സൗഹൃദവും പരസ്പരബന്ധവും വളർത്താൻ സഹായിക്കുന്ന തരത്തിലാണിത്. വാസ്തുവിദ്യാ മികവിനപ്പുറം, കൂട്ടായ്മയുടെയും കമ്മ്യൂണിറ്റി ലിവിങ്ങിന്റെയും ആശയത്തിലാണ് ഒളിമ്പസ് പടുത്തുയർത്തിയിരിക്കുന്നത്.

ആഡംബരത്തോടൊപ്പം മികച്ച കമ്മ്യൂണിറ്റി അന്തരീക്ഷവും ഒരുക്കുക എന്ന ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാന്റെ ദീർഘവീക്ഷണം യാഥാർത്ഥ്യമാക്കുന്ന രീതിയിൽ സ്ഥപതി ആർക്കിടെക്റ്റ്സാണ് ഒളിമ്പസ് ഡിസൈൻ ഒരുക്കിയിരിക്കുന്നത്.'സ്വന്തം നാട്ടിൽ താമസമാക്കാൻ ആഗ്രഹിക്കുന്നവർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആഡംബര സൗകര്യങ്ങൾ മാത്രമല്ല, സുരക്ഷിതവും ഊർജ്ജസ്വലവുമായ സാമൂഹിക ജീവിതം കൂടി അനുഭവിക്കാൻ സാധിക്കണം.' ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ വ്യക്തമാക്കി.

നൂറിലധികം ലോകോത്തര സൗകര്യങ്ങളോടുകൂടിയ സജ്ജീകരണങ്ങളടങ്ങിയ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ടെറസ് വിനോദ ഇടം ഒളിമ്പസിന്റെ മികവിന് കൂടുതൽ കരുത്ത് പകരുന്നു. വിശാലമായ സോഷ്യൽ സ്പേസുകൾ മുതൽ ലോകോത്തര വിനോദസൗകര്യങ്ങളിലൂടെയെല്ലാം മികച്ച അനുഭവം ഉറപ്പാക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ മിക്സഡ്‌യൂസ് ഡെവലപ്പ്മെന്റുകളിൽ ഒന്നായ ഹൈലൈറ്റ് സിറ്റിക്കുള്ളിലാണ് സ്ഥിതി ചെയ്യുന്നത് എന്നത് ഒളിമ്പസിനെ കൂടുതൽ സൗകര്യപ്രദമാക്കുന്നു. ഹൈലൈറ്റ് മാൾ, ഹൈലൈറ്റ് ബിസിനസ് പാർക്ക്, 24 മണിക്കൂറും പ്രവർത്തിക്കുന്ന 'ഹഗ് എ മഗ്' കോഫി ഷോപ്പ്, 8 സ്ക്രീനുകളുള്ള പലാക്സി സിനിമാസ് എന്നിവയെല്ലാം തൊട്ടടുത്ത് ലഭ്യമാണ്. കൂടാതെ, 'കോംപസ്', ക്ലബ് 6ടി6 പോലുള്ളവ പ്രത്യേക റിജുവനേഷൻ സ്ഥലനങ്ങളും ഇവിടുത്തെ ആകർഷണങ്ങളാണ്. 65,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഹൈപ്പർമാർക്കറ്റും ഹൈലൈറ്റ് മാളിലുണ്ട്. നിലവിൽ 2,000ത്തിലധികം അപ്പാർട്ട്മെന്റുകൾ ഹൈലൈറ്റ് സിറ്റിയിലുള്ളത്.

കോഴിക്കോട്ട് പ്രീമിയം റസിഡൻഷ്യൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ഹൈലൈറ്റ് ഗ്രൂപ്പിന്റെ സ്ഥിരതയാണ് ഈ പുതിയ കൈമാറ്റവും അടിവരയിടുന്നത്. അടുത്തിടെ 'ഹൈലൈറ്റ് സൈപ്രസ്', 'ഹൈലൈറ്റ് പട്രാസ്' എന്നീ രണ്ട് പ്രധാന പദ്ധതികളും ഗ്രൂപ്പ് വിജയകരമായി പൂർത്തിയാക്കിയിരുന്നു. ചെറിയ പട്ടണങ്ങളെയും വളർന്നുവരുന്ന ടയർ 3 വിപണികളെയും ലക്ഷ്യമിട്ട് ഹൈലൈറ്റ് ഗ്രൂപ്പ് അവതരിപ്പിച്ച പുതു റീട്ടെയിൽ ആശയമായ 'ഹൈലൈറ്റ് കൺട്രിസൈഡ്' പദ്ധതി ചെമ്മാട് ഇതിനകം തന്നെ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. വളർന്നുവരുന്ന പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് ഹൈലൈറ്റ് മാൾ മാതൃകയുടെ കൂടുതൽ അനുയോജ്യമായ ഒരു പതിപ്പായ ഇത് മികച്ച റീട്ടെയിൽ, ഡൈനിംഗ്, വിനോദ അനുഭവങ്ങൾ ചെറു നഗരങ്ങളിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്.

# വിതരണ ശൃംഖല ശക്തമാക്കാൻ ഇന്ത്യൻ കമ്പനികൾ

**കൊച്ചി:** ആഗോള വ്യാപാരത്തിലെ മാറ്റങ്ങളെ നേരിടാനും വളർച്ചാ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഇന്ത്യൻ കമ്പനികൾ വിതരണ ശൃംഖല കൂടുതൽ ശക്തമാക്കുന്നതായി ഡിപി വേൾഡ് ഗ്ലോബൽ ട്രേഡ് ഒബ്സർവേറ്ററിയുടെ 'ഇന്ത്യ കൺട്രി റിപ്പോർട്ട് 2026'. വിതരണ ശൃംഖലയിലെ പ്രതിബന്ധങ്ങളെ നേരിടാൻ ബിസിനസുകൾ തയ്യാറെടുക്കുമ്പോൾ, 70% ഇന്ത്യൻ എക്സിക്യൂട്ടീവുകളും സപ്ലയർ വൈവിധ്യവൽക്കരണത്തിന് മുൻഗണന നൽകുന്നു, കൂടാതെ 59% പേർ ഇൻവെന്ററി ലെവലുകൾ വർധിപ്പിക്കുന്നു. ഡിജിറ്റലൈസേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് , പുതിയ വിപണികളിലേക്കുള്ള പ്രവേശനം എന്നിവയും പ്രധാന മുൻഗണനകളാണ്.

451 സപ്ലൈ ചെയിൻ, ലോജിസ്റ്റിക്സ് എക്സിക്യൂട്ടീവുകളിൽ നടത്തിയ സർവേയിൽ, ഉപഭോക്തൃ സേവനങ്ങൾ പൂർണമായും ഡിജിറ്റലൈസ് ചെയ്ത ഇന്ത്യൻ കമ്പനികളുടെ എണ്ണം ആഗോള ശരാശരിയേക്കാൾ കൂടുതലാണെന്ന് കണ്ടെത്തി. പി എൽ ഐ  പദ്ധതി, വിവിധ രാജ്യങ്ങളുമായുള്ള വ്യാപാര കരാറുകൾ, എഫ് റ്റി എ എസ്  എന്നിവയും വ്യാപാര വളർച്ചയ്ക്ക് പിന്തുണ നൽകുന്നു. ഇന്ത്യയിൽ 57% പേർക്ക് വ്യാപാര ധനസഹായം ന്യായമായ രീതിയിൽ ലഭ്യമാണെന്നും റിപ്പോർട്ട് പറയുന്നു.

വ്യാപാര വളർച്ചയ്ക്കൊപ്പം 46% ലോജിസ്റ്റിക്സ് എക്സിക്യൂട്ടീവുകൾ റോഡ് ശൃംഖല വികസനത്തിന് മുൻഗണന നൽകുന്നു. റെയിൽ, തീരദേശ ഷിപ്പിങ് തുടങ്ങിയ മൾട്ടിമോഡൽ ഗതാഗത സംവിധാനങ്ങളിലേക്കും കമ്പനികൾ കൂടുതൽ മാറുകയാണ്. ഇത് ചരക്കുനീക്കം കാര്യക്ഷമമാക്കുന്നതിനൊപ്പം ലോജിസ്റ്റിക്സ് ചെലവും കാർബൺ പുറന്തള്ളലും കുറയ്ക്കാൻ സഹായിക്കുമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

# സ്ത്രീകൾക്കായി ഐ പ്രൊട്ടക്റ്റ് സ്മാർട്ട് ഹെർ അവതരിപ്പിച്ചു

**കൊച്ചി:** സ്ത്രീകളുടെ സാമ്പത്തിക, ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾക്കായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 'ഐസിഐസിഐ പ്രു ഐപ്രൊട്ടക്റ്റ് സ്മാർട്ട് ഹെർ' എന്ന പുതിയ ടേം ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു. ലൈഫ് കവറേജിനൊപ്പം വെൽനസ് ആനുകൂല്യങ്ങളും സംയോജിപ്പിച്ചാണ് ഈ സമഗ്ര പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പദ്ധതിയിലൂടെ സ്ത്രീകൾക്ക് ആജീവനാന്ത പ്രീമിയത്തിൽ 15% കിഴിവും പ്രഗ്നൻസി ബ്രേക്ക് ആനുകൂല്യവും ലഭിക്കും. കുട്ടികളുടെ വിദ്യാഭ്യാസത്തിനായി മരണാനന്തര ആനുകൂല്യം 10 വർഷത്തേക്ക് പ്രതിവർഷം 10% വീതം വർധിക്കുന്ന വരുമാനമായി ലഭിക്കുന്ന പേഔട്ട് ഓപ്ഷനും ഇതിലുണ്ട്. കൂടാതെ, ടെലി കൺസൾട്ടേഷൻ, വാർഷിക ആരോഗ്യ പരിശോധന, ഡയഗ്നോസ്റ്റിക് ഡിസ്കൗണ്ടുകൾ ഉൾപ്പെടെ 25,000 രൂപ വരെയുള്ള പ്രത്യേക ആരോഗ്യവെൽനസ് ആനുകൂല്യങ്ങളും ലഭ്യമാണ്. സ്ത്രീകളുടെ സവിശേഷമായ സാമ്പത്തിക, ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റാനാണ് ഈ പദ്ധതി അവതരിപ്പിച്ചതെന്ന് കമ്പനി അറിയിച്ചു. പൂർണമായും ഡിജിറ്റൽ സേവനങ്ങളിലൂടെ ലഭ്യമാകുന്ന ഈ പ്ലാനിൽ ലളിതമായ ക്ലെയിം പ്രക്രിയയാണുള്ളത്.

# ജെൻസിസ് 2026 കോൺഫറൻസ് സെപ്റ്റംബർ 5,6 തീയതികളിൽ യു എസ് ടി തിരുവനന്തപുരം കാമ്പസിൽ

**തിരുവനന്തപുരം:** പ്രമുഖ എ ഐ, ടെക്നോളജി ട്രാൻസ്ഫോർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യു എസ് ടി സംഘടിപ്പിക്കുന്ന ജെൻസിസ് 2026 ആഗോള എ  ഐ , സൈബർ സുരക്ഷാ കോൺഫറൻസ് സെപ്റ്റംബർ 5, 6 തീയതികളിൽ കമ്പനിയുടെ തിരുവനന്തപുരം കാമ്പസിൽ നടക്കും. 2025 ൽ നടന്ന ഉദ്ഘാടന പതിപ്പിന്റെ വിജയത്തിന്റെ തുടർച്ചയായി സംഘടിപ്പിക്കുന്ന ഈ  വർഷത്തെ സമ്മേളനത്തിൽ സാങ്കേതിക രംഗത്തെ പ്രമുഖർ, എ ഐ വിദഗ്ധർ, സുരക്ഷാ വിദഗ്ധർ, ഗവേഷകർ, ഡെവലപ്പർമാർ, വിദ്യാർത്ഥികൾ എന്നിവർ  പങ്കെടുക്കും. കൃത്രിമ ബുദ്ധിയുടെയും സുരക്ഷയുടെയും വികസിച്ചുകൊണ്ടിരിക്കുന്ന മേഖലകളിലേയ്ക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലുന്ന സമ്മേളനമായിരിക്കും ഈ വർഷത്തേത്.

നവീന കാലത്തെ കൃത്രിമ ബുദ്ധിയുടെയും ശക്തമായ സുരക്ഷാ പ്രവർത്തനങ്ങളുടെയും സംയോജനത്തെ കേന്ദ്രീകരിച്ചുള്ള പ്രഭാഷണങ്ങൾ, സാങ്കേതിക സെഷനുകൾ, പാനൽ ചർച്ചകൾ, പ്രായോഗിക ശില്പശാലകൾ എന്നിവ ഈ ഫ്രീഹൈബ്രിഡ് സമ്മേളനത്തിന്റെ ഭാഗമായിരിക്കും.  ജെൻസിസ് 2026ൽ പങ്കെടുക്കുന്നവർക്ക്  വ്യവസായരംഗത്തെ  വിദഗ്ധരിൽ നിന്ന് നേരിട്ട് പഠിക്കാനും ആശയങ്ങൾ കൈമാറാനും സൈബർ  സുരക്ഷാ  മേഖലയിൽ  എ ഐ കൊണ്ടുവരുന്ന പരിവർത്തനങ്ങളെപ്പറ്റി കൂടുതൽ മനസിലാക്കാനും സാധിക്കും.

വളർന്നുവരുന്ന എ ഐ സാങ്കേതികവിദ്യകൾ, വർധിക്കുന്ന സുരക്ഷാ വെല്ലുവിളികൾ, സുരക്ഷിത നവീകരണത്തിന്റെ ഭാവി എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ വാഗ്ദാനം ചെയ്യുന്നതിനൊപ്പം,  വികസിച്ചുകൊണ്ടിരിക്കുന്ന ഡിജിറ്റൽ മേഖലയിൽ സുരക്ഷിതമായാ രീതിയിൽ മുന്നോട്ടുള്ള യാത്ര സാധ്യമാക്കാൻ പങ്കാളികളാകുന്ന ഏവരെയും പ്രാപ്തരാക്കുക എന്നതാണ് ജെൻസിസ് 2026 ലക്ഷ്യമിടുന്നത്. ലോകമെമ്പാടുമുള്ള 1,500ലധികം പേർ പങ്കെടുത്ത യു എസ് ടി യുടെ ക്യാപ്ചർദിഫ്ലാഗ് സൈബർ സുരക്ഷാ മത്സരത്തിലെ ഫൈനലിസ്റ്റുകളെ ഒരുമിച്ച് കൊണ്ടുവരുന്ന ജെൻസിസ് സിടിഎഫ് ഫൈനലുകളും ഈ സമ്മേളനനത്തിന്റെ ഭാഗമായി നടക്കും.

തിരുവനന്തപുരത്ത് എത്തി സമ്മേളനത്തിന്റെ ഭാഗമാകാൻ കഴിയാത്തവർക്ക് ഓൺലൈൻ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. പങ്കെടുക്കുന്ന ഏവർക്കും സൗജന്യ രജിസ്ട്രേഷനും ലഭ്യമാക്കും.

രണ്ട് ദിവസാം നീണ്ടുനിൽക്കുന്ന പഠന പ്രക്രിയ, അർത്ഥവത്തായ ഇടപെടൽ, ആവേശകരമായ കണ്ടെത്തൽ എന്നിവ അനുഭവിക്കാൻ  ലോകമെമ്പാടുമുള്ള വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ, സാങ്കേതിക പ്രേമികൾ എന്നിവരെ  ജെൻസിസ് 2026 സ്വാഗതം ചെയ്യുന്നു.

ഈ ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാനാകും  https://events.ust.com/gencys2026